ഇ.എൻ(5)/4113/2020

ലേബർ കമ്മീഷണറുടെ കാര്യാലയം,

തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ),
തിരുവനന്തപുരം- 695 033,
തീയതി : 19/03/2020

## സർക്കുലർ നമ്പർ : 10 /2020

വിഷയം — കൊറോണ വൈറസ് ബാധയുടെ പശ്ചാതലത്തിൽ സംസ്ഥാനത്തെ തൊഴിൽ വകുപ്പ് പരിശോധന ഉദ്യോഗസ്ഥർ/ഇൻസ്പെക്ടർമാർ പാലിക്കേണ്ട മുൻകരുതൽ നടപടികൾ - സംബന്ധിച്ച്.

സൂചന
1) സർക്കാരിന്റെ 10/03/2020-ലെ സി.ഡി.എൻ 4/50/2020 പൊ.ഭ.വ നമ്പർ സർക്കുലർ.
2) സർക്കാരിന്റെ 10/03/2020-ലെ എസ്.എസ് 1/50/2020/പൊ.ഭ.വ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ കൊറോണ വൈറസ് (കോവിഡ് - 19) രോഗബാധയെ തുടർന്ന് നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് രോഗ വ്യാപനം തടയുന്നതിനായി സംസ്ഥാന തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ/ഇൻസ്പെക്ടർമാർ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരമുള്ള സ്ഥാപനങ്ങൾ, കൺസ്ട്രക്ഷൻ സൈറ്റുകൾ, തോട്ടങ്ങൾ തുടങ്ങിയവയിലെ വിവിധ തൊഴിൽ നിയമപ്രകാരമുള്ള പരിശോധനകൾ ഇനിയൊരുത്തരവ് ഉണ്ടാകുന്നത് വരെ നടത്തേണ്ടതില്ല എന്ന് അറിയിക്കുന്നു. കൂടാതെ കൺസീലിയേഷൻ ഓഫീസർമാർ അടിയന്തിര പ്രാധാന്യമുള്ള മീറ്റിംഗുകൾ ഒഴികെയുള്ളവ തൽക്കാലത്തേക്ക് മാറ്റി വെയ്ക്കേണ്ടതും രോഗബാധ പകരുന്ന തരത്തിലുള്ള പൊതുജന സംമ്പർക്കം പരമാവധി ഒഴിവാക്കേണ്ടതുമാണ്.

ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടത്തി വരുന്ന ബോധവത്കരണ പരിപാടികളിൽ ആളുകളെ പങ്കെടുപ്പിക്കുമ്പോൾ ആരോഗ്യ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ആളുകൾ കൂട്ടം കൂടി നിൽക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

(ഒപ്പ്)
ലേബർ കമ്മീഷണർക്കുവേണ്ടി

1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും,
2. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്
3. എല്ലാ ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിനും } ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് മുഖേന
4. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
5. എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും } (4, 5) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുഖേന

ജെ.സി . 20/03/2020